**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5114** **04-07-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. സോഷ്യോളജി നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എച്ച്.എസ്.എസ്.ടി സോഷ്യോളജി ജൂനിയർ തസ്തികയിലേക്ക് പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | **നിലവിലില്ല.** |
| (ബി) | എച്ച്.എസ്.എസ്.ടി. സോഷ്യോളജി ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ; | (ബി) | 14 ഒഴിവുകൾ നിലവിലുണ്ട്.<br><br>ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത തസ്തികയിലേക്ക് 2023-ൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | ചുരുക്ക പട്ടിക 22.11.2023 തീയതിയിൽ പ്രസിദ്ധീകരിച്ചു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ചുരുക്ക പട്ടിക 22.11.2023 തീയതിയിൽ പ്രസിദ്ധീകരിച്ചു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ